No.CEE/3737/2012/KEAM-2013/TA1

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## പത്രക്കുറിപ്പ്

## 2013 ലെ കേരള എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് സമർപ്പിക്കണം

2013 ലെ കേരള എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റ് വഴി 2013 ജൂൺ 4 ാം തീയതി 5 മണിക്ക് മുമ്പായി മാർക്ക് ഡാറ്റാ സബ്മിഷൻ നടത്തി അതിന്റെ പ്രിന്റൗട്ടും, യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പും **2013 ജൂൺ 5 ാം** തീയതി **5** മണിക്ക് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

കേരള ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ എന്നീ ബോർഡുകളിൽ നിന്നും 2013 ലെ യോഗ്യതാ പരീക്ഷ പാസായിട്ടുള്ള വിദ്യാർത്ഥികൾ അവരുടെ യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും. എന്നാൽ 2013 ന് മുമ്പ് പാസ്സായിട്ടുള്ളവരുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

തിരുവനന്തപുരം
27.05.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**